## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5078 | | | 28.10.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| തോപ്പുംപടി - ഇടക്കൊച്ചി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | | | |
| ചോദ്യം | | | ഉത്തരം |
| ശ്രീ.ജോൺ ഫെർണാണ്ടസ് | | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | പശ്ചിമകൊച്ചിയിലെ തോപ്പുംപടി - ഇടക്കൊച്ചി പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മൂന്നു ദശാബ്ദങ്ങൾക്ക് മുൻപ് തുടക്കം കുറിച്ചതും ഈ പ്രദേശങ്ങളിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരവുമായി നിർദ്ദേശിക്കപ്പെട്ട 40 അടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | തോപ്പുംപടി മുതൽ എം.എൽ.എ. റോഡ് പടിഞ്ഞാറേ അറ്റം വരെ പണി പൂർത്തിയാക്കിയിട്ടുള്ളതാണ്. |
| (ബി) | ഇതിന്റെ സ്ഥലമെടുപ്പ് നടപടികൾ എവിടെ വരെയായി ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | കോണം വി.വി.എൽ.പി. സ്കൂൾ വരെ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. |
| (സി) | ഈ റോഡിനായി മരവിപ്പിച്ച ഭൂമിയുടെ ഉടമസ്ഥരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഈ റോഡിന്റെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; | (ഡി) | ഓരോ വർഷത്തെയും പ്ലാൻഫണ്ടിൽ ആണ് തുക വകയിരുത്തിയിരുന്നത്. |
| (ഇ) | ഈ റോഡിന്റെ അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | അലൈൻമെന്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ